Page 1 of 1

(സി & ഡി) അക്ഷയ കേന്ദ്രങ്ങൾ പോലുള്ള വിവിധ ഏജൻസികളിൽ കയറിയിറങ്ങാതെ തന്നെ വില്ലേജാഫീസ്, താലൂക്കാഫീസ് മുതലായ ആഫീസുകളിൽ നിന്നും ലഭ്യമാക്കേണ്ട സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും ഇതുമൂലം സാധിക്കുന്നതാണ്.

## ദേശീയ ഉന്നത വിദ്യാഭ്യാസ പരിപാടി (റൂസ)

17 (*677) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനും ഗവേഷണ പ്രവർത്തനങ്ങൾക്കുംവേണ്ടിയുള്ള ദേശീയ ഉന്നത വിദ്യാഭ്യാസ പരിപാടി (റൂസ) സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ് ;

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക്ഫണ്ട് ലഭിക്കുന്നതിനുവേണ്ടിയുള്ള എത്ര പദ്ധതികൾ കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട് ; അവ ഏതെല്ലാം ;

(സി) റൂസ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി ഏതാണ് ; ഇതിനകം എത്ര തുക കേന്ദ്രത്തിൽ നിന്നും ഈ പദ്ധതിയുടെ വിഹിതമായി നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) 2014-15 വർഷത്തിലാണ് പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുന്നത്. ഇതിനുള്ള സമ്മത പത്രം 2013-14-ൽ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 4 മോഡൽ കോളേജുകൾ ആരംഭിക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ റൂസയുടെ പ്രോജക്ട് അപ്രൂവൽ ബോർഡ് അംഗീകരിച്ചെങ്കിലും പിന്നീട് അംഗീകാരം റദ്ദാക്കുകയുണ്ടായി. റൂസയ്ക്ക് വേണ്ടിയുള്ള വിശദമായ സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കി വരുന്നു.

(സി) റൂസ ഗൈഡ് ലൈനനുസരിച്ച് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലുകൾ വഴിയാണ് പദ്ധതി നടപ്പാക്കേണ്ടത്. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ റൂസ നടപ്പാക്കുന്നതിന്റെ ഏജൻസിയായി അംഗീകരിക്കുന്ന കാര്യം പരിഗണനയിലാണ്. റൂസയുടെ ഉന്നത വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി, കേന്ദ്ര ഗ്രാൻഡിന്റെ വിഹിതത്തിന്റെ 50% ആയ 2.80 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly